## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 71 25/04/2017-ൽ മറുപടിക്ക്

### പെരിയാർ മലിനീകരണത്തെ കുറിച്ച് സമഗ്രപഠനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പെരിയാറിനെയും പെരിയാറിന്റെ തീരത്തെ വ്യവസായങ്ങളെയും സംരക്ഷിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പെരിയാറിലെ ജല ഗുണനിലവാരം നിലനിർത്താനായി, പ്രത്യേകിച്ച് സമുദ്രത്തിൽ നിന്നുള്ള ഉപ്പ് വെള്ളക്കയറ്റം തടയുന്നതിനായി പുറപ്പിള്ളിക്കാവ്, പാതാളം, മഞ്ഞുമ്മൽ എന്നിവിടങ്ങളിൽ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ റഗുലേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പെരിയാറിനെയും പെരിയാറിന്റെ തീരത്തെ വ്യവസായങ്ങളെയും സംരക്ഷിക്കുന്നതിനായി ഏലൂർ-എടയാർ മേഖലയിലെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള ശുദ്ധീകരിച്ച പാഴ്ജലം ഒരു ഒപ്റ്റിമം ഔട്ട്ഫോൾ ലൊക്കേഷൻ (Optimum Outfall Location) വഴി പുറന്തള്ളുന്നതിനായി CSIR – National Institute of Oceanography മുഖേന ഒരു പഠനം നടത്തുന്നതിലേയ്ക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ഇതു സംബന്ധിച്ചുള്ള National Institute of Oceanography യുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പെരിയാർ മലിനീകരണത്തെ കുറിച്ച് സമഗ്രപഠനം നടത്താനും റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനും നടപടി സ്വീകരിക്കുമോ? | (ബി) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ